# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1326 30.01.2018 -ൽ മറുപടിക്ക്

### സ്കൂൾ കായികമേളകളും കായികാധ്യാപകരുടെ തസ്തികകളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ | സ്കൂൾ കായികമേളകൾ കൂടുതൽ ജനകീയമായി നടത്തുന്നതിനും ഉപജില്ലാ തല സ്പോർട്സ് മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഭക്ഷണം ലഭ്യമാക്കുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; | എ | സ്കൂൾ കായിക മേളകൾ ജനകീയ പിന്തുണയോടെയാണ് ഇപ്പോഴും നടത്തി വരുന്നത്. കൂടുതൽ ജനകീയമാക്കണമെന്നതാണ് വിദ്യാഭ്യാസ വകുപ്പിന്റെ ലക്ഷ്യം. ആയതിനനുസരിച്ച് ഒരോ സബ് ജില്ലയിലും മത്സരങ്ങൾ നടത്തുന്നതിന് ഓർഗനൈസിംഗ് കമ്മിറ്റികൾ കൂടുകയും അവർ സംഘാടക സമിതികളുടെ പിന്തുണയോടെ മത്സരാർത്ഥികൾക്ക് ഭക്ഷണം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ആയതിന് സർക്കാർ സാമ്പത്തിക സഹായം നിലവിൽ നൽകുന്നില്ല |
| ബി | സ്കൂളുകളിൽ കായികാധ്യാപകരുടെ തസ്തികകൾ നഷ്ടപ്പെട്ടത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; കായികാധ്യാപകരുടെ തസ്തികകൾ സംരക്ഷിക്കുന്നതിലേയ്ക്കായി ഹൈസ്കൂൾ വിഭാഗം തസ്തിക നിർണ്ണയത്തിന് പത്താം ക്ലാസിലെ പിരീഡ് കൂടി ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ? | ബി | 2017-18 സ്റ്റാഫ് ഫിക്സേഷൻ മൂലം തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരെ നിലനിർത്തുന്നതിനു വേണ്ടി പത്താം ക്ലാസിലെ പിരീഡുകൾ കൂടി കണക്കിലെടുത്ത് കായിക അദ്ധ്യാപകരെ നിലനിർത്തുന്നതിന് സർക്കാർ 03.07.2017 ലെ സ.ഉ (സാധാ) നം. 111/2017/പൊ.വി അനുസരിച്ച് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് അദ്ധ്യാപകരെ പുനർവിന്യാസം ഒഴിവാക്കി സ്കൂളുകളിൽ നിലനിർത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ